(ബി) ടി വർഷങ്ങളിൽ ചെലവഴിച്ച തുക താഴെപ്പറയും പ്രകാരമാണ് തുക (കോടിയിൽ)

വകുപ്പ്	*2003-04*	*2004-05**
ആരോഗ്യം	184.73	189.65
വിദ്യാഭ്യാസം	85.37	115.47
കൃഷി	173.24	186.97
വ്യവസായം	251.52	234.99

*അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം

സംസ്ഥാനജീവനക്കാരുടെ ആനുകൂല്യങ്ങൾ

9 [187] *ശ്രീ. വി. കെ. ചന്ദ്രൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളിലെ ജീവനക്കാർക്ക് ശമ്പളത്തിന് അലോട്ടുമെന്റ് വേണം എന്നുള്ള സർക്കാർ ഉത്തരവ് പിൻവലിച്ചിട്ടുണ്ടോ;

(ബി) ഈ ഉത്തരവ് പുനഃപരിശോധിക്കാമെന്ന് സർക്കാർ ഏതെങ്കിലും ചർച്ചയിൽ സമ്മതിച്ചിട്ടുണ്ടോ; എങ്കിൽ അതിൻന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) 21-2-2005-ലെ ജീവനക്കാരുടെ സംഘടനകളുമായുള്ള ചർച്ചയിൽ ഏതെല്ലാം സാമ്പത്തികാനുകൂല്യങ്ങളാണ് നൽകാമെന്ന് സർക്കാർ സമ്മതിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ തീരുമാനത്തിൻമേൽ സർക്കാർ നാളിതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല

(ബി) ഉണ്ട്. അതനുസരിച്ച് ജീവനക്കാർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകാത്ത രീതിയിൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി)

1. 2-3-2005-ൽ കൂടുന്ന മന്ത്രിസഭായോഗത്തിൽ ശമ്പള പരിഷ്ക്കരണ കമ്മീഷനെ നിയമിക്കും.
2. കമ്മീഷന്റെ പരിഗണനാവിഷയങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ (ടേംസ് ഓഫ് റഫറൻസ്) സംഘടനകൾ ഒരാഴ്ചയ്ക്കകം സമർപ്പിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

3. സർക്കാർ ജീവനക്കാരുടെ യാത്രാബത്തയിലെ പരിഷ്ക്കരണം/നിയന്ത്രണം പിൻവലിക്കുന്ന കാര്യം പരിഗണിക്കും.

4. ശമ്പള കമ്മീഷനിൽ നിന്നും ഇടക്കാല റിപ്പോർട്ട് വാങ്ങി ഇടക്കാലാശ്വാസം നൽകുന്ന കാര്യം പരിഗണിക്കും.

5. ഓരോ വകുപ്പിനും ശമ്പളം നൽകാനാവശ്യമായ തുകയ്ക്ക് അഡ്വോട്ടെന്റ് വാങ്ങിയിരിക്കണമെന്ന നിർദ്ദേശം ധനകാര്യ വകുപ്പ് പരിശോധിക്കും.

6. കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിയും ധനകാര്യ വകുപ്പ് പരിശോധിക്കും.

7. പുതുതായി സർവ്വീസിൽ കയറിയവർക്ക് അടിസ്ഥാനശമ്പളം മാത്രം നൽകിയിരുന്ന കാലയളവിലെ അലവൻസുകളും മറ്റും നൽകുന്നകാര്യം പരിശോധിക്കും.

(ഡി)

1. ശമ്പള പരിഷ്ക്കരണ കമ്മീഷനെ നിയമിച്ചുകഴിഞ്ഞു.

2. കമ്മീഷന്റെ പരിഗണനാവിഷയങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് സർവ്വീസ് സംഘടനകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

3. 2-3-2005-ലെ സ.ഉ.(സാധാ)നം. 100/2005/ധന നമ്പർ പ്രകാരം സർക്കാർ ജീവനക്കാരുടെ യാത്രാബത്തയിലെ നിയന്ത്രണം പിൻവലിച്ചിട്ടുണ്ട്.

4. ശമ്പള കമ്മീഷൻ ഇടക്കാല റിപ്പോർട്ട് നൽകിയിട്ടില്ല.

5. ഓരോ വകുപ്പിനും ശമ്പളം നൽകാനാവശ്യമായ തുകയ്ക്ക് അഡ്വോട്ടെന്റ് നൽകുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

6. കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിൽ സർക്കാർ ഇതുവരെ തിരുമാനമൊന്നും എടുത്തിട്ടില്ല.

7. പുതുതായി സർവ്വീസിൽ കയറിയവർക്ക് അടിസ്ഥാനശമ്പളം മാത്രം നൽകിയിരുന്ന കാലയളവിലെ അലവൻസുകളും മറ്റും നൽകുന്ന കാര്യം സർക്കാർ നിരസിച്ചിട്ടുണ്ട്.

ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

10 [188] *ശ്രീ. തോമസ് ചാഴികാടൻ:*
" *കെ. നാരായണക്കുറുപ്പ്:*
" *റോഷി അഗസ്റ്റിൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് രീതിയിൽ മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly